പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1634 13-07-2011 ന് മറുപടിക്ക്

## പട്ടയ ഭൂമിയിൽ നിൽക്കുന്ന തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ :<br>" വി. ഡി. സതീശൻ:<br>" അൻവർ സാദത്ത്:<br>" എം. പി. വിൻസെന്റ്: | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

(എ) കേരള ലാന്റ് അസൈൻമെന്റ് 1964 റൂൾ 9(2) പ്രകാരം പതിച്ചുനൽകിയിട്ടുള്ള റിസർവ്വ് ചെയ്തതായി രേഖപ്പെടുത്താത്ത പട്ടയ ഭൂമിയിൽ നിൽക്കുന്ന തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്നറിയിക്കുമോ;

(എ) 1964 - ലെ കേരള ലാന്റ് അസൈൻമെന്റ് ചട്ടങ്ങളിലെ ഉപചട്ടം 9(2) അപ്പൻഡിക്സ് - II പ്രകാരം സർക്കാർ പതിച്ചു നൽകിയിട്ടുള്ള റി-സർവ്വ് ചെയ്തതോ അല്ലാത്തതോ ആയ പട്ടയ ഭൂമിയിൽ നിൽക്കുന്ന തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയവ ഉൾപ്പെടെ പട്ടയം നൽകുമ്പോൾ നിൽക്കുന്നതും പിന്നീട് വളരുന്നതുമായ എല്ലാ വൃക്ഷങ്ങളുടെയും ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണ്.

(ബി) 2007- ലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമം പ്രാബല്യത്തിൽ വന്നശേഷം റിസർവ്വ്

(ബി) 2006- ലെ കേരള (വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന) നിയമത്തിലെ വ്യവസ്ഥകൾ പട്ടയഭൂമി

| | | | |
|---|---|---|---|
| | ചെയ്ത പട്ടയ വസ്തുവിലെ പ്രസ്തുത മരങ്ങളുടെ ഉടമസ്ഥാവകാശം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | | യിൽ റിസർവ്വ് ചെയ്ത മരങ്ങൾക്ക് ബാധകമല്ലാത്തതിനാൽ പട്ടയത്തിൽ റിസർവ്വ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള മരങ്ങളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. |
| (സി) | കേരള ഫോറസ്റ്റ് നിയമം 1996 ഈ വിഷയത്തിൽ ബാധകമാണോ എന്ന് വ്യക്തമാക്കുമോ; | (സി) | 1995- ലെ കേരള വന (താൽക്കാലികമായോ സ്ഥിരമായോ പതിച്ചുകൊടുത്ത ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് നിരോധനം) ചട്ടങ്ങൾ പ്രകാരം പട്ടയഭൂമിയുടെ പട്ടയത്തിൽ റിസർവ്വ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള മരങ്ങളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. |
| (ഡി) | മേൽ പറഞ്ഞ വിഷയത്തിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ വ്യക്തമായ വിശദീകരണം നൽകുമോ? | (ഡി) | നിലവിലുള്ള നിയമങ്ങൾ പ്രകാരം താൽക്കാലികമായോ സ്ഥിരമായോ സർക്കാർ ഭൂമി പതിച്ചുനൽകിയിട്ടുള്ള പട്ടയഭൂമിയുടെ പട്ടയത്തിൽ റിസർവ്വ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള മരങ്ങളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ